# ദേശാഭിമാനി

Kottayam edition
date -13/10/2025
page no -9
Column -1,2,3

## ജില്ലാ ത്രോബോൾ ചാമ്പ്യൻഷിപ്പ്

**കോട്ടയം**

പന്ത്രാണ്ടാമത് ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 2025– 26 19ന് നാട്ടകം ഗവ. വിഎച്ച്എസ്എസ് സ്കൂളിൽ നടക്കും. 16ന് മുമ്പായി പ്ലെയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും www.throwballkerala.com എന്ന വെബ് സൈറ്റിൽ പൂർത്തിയാക്കണം.

# മംഗളം

സ്ഥാപകൻ എം.സി.വർഗീസ്

Kottayam edition
date -13/10/2025
page no -6
Column -1,2

## ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്

കോട്ടയം: ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 19നു നാട്ടകം ഗവൺമെന്റ് വി.എച്ച്.എസ്.എസിൽ നടത്തും. 16 ന് മുൻപായി പ്ലെയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും പൂർത്തിയാക്കണം.ഓപ്പൺ സെലക്ഷൻ ഉണ്ടായിരിക്കില്ല. ഫോൺ –9497465690 , 7907963835

മാതൃഭൂമി

Kottayam edition
date -13/10/2025
page no -2
Column -3

Mathrubhum
മാതൃ

# സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്

കോട്ടയം ▸ ജില്ലാ സീനിയർ 12-മ
ത്രോബോൾ ചാമ്പ്യൻഷിപ്പ് 1
ന് നാട്ടകം ഗവ. വിഎച്ച്എസ്
സിൽ നടത്തും. പങ്കെടുക്കു
വർ 16-ന് മുൻപായി പ്ലെയർ ര
സ്ട്രേഷനും ടീം രജിസ്ട്രേഷ
ഓൺലൈനായി നടത്തണം. വെ
ബ്സൈറ്റ്: www.throwballkeral
com. വിവരങ്ങൾക്ക്: 949746569
7907963835.

മലയാള മനോരമ

Kottayam edition
date -13/10/2025
page no -2
Column -1

## ത്രോബോൾ ചാംപ്യൻഷിപ് 19ന്

കോട്ടയം ● ജില്ലാ സീനിയർ ത്രോബോൾ ചാംപ്യൻഷിപ് 19നു നാട്ടകം ഗവ വിഎച്ച്എസ്എസ് സ്കൂളിൽ നടത്തും. വെബ്‌വിലാസം: www.throwballkerala.com. ഫോൺ:9497465690.

# ദേശാഭിമാനി

Kottayam edition
date -21/10/2025
page no -4
Column -6,7,8


# ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് അവസാനിച്ചു

**കോട്ടയം**

12 –ാമത് ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് അവസാനിച്ചു. പുരുഷ വിഭാഗത്തിൽ സീറോ ത്രോബോൾ അക്കാദമി തെങ്ങണയും വനിത വിഭാഗത്തിൽ സെന്റ് മേരീസ് ത്രോബോൾ അക്കാദമി മണർകാടും ജേതാക്കളായി. സീറോ ത്രോബോൾ അക്കാദമിയിലെ അനന്തു വി ഗിരിഷ്, സെന്റ് മേരീസ് ത്രോബോൾ അക്കാദമിയിലെ സ്റ്റെഫി സൂസൻ വർഗീസ് എന്നിവർ മികച്ച താരങ്ങളായി. പുരുഷ വിഭാഗത്തിൽ എംവൈസിഎ വോളി ക്ലബ് കാഞ്ഞിരപ്പള്ളി രണ്ടാംസ്ഥാനവും ലാ മാസിയ സ്പോർട്സ് അക്കാദമി തെങ്ങണ, ജൂബിലി സ്പോർട്സ് അക്കാദമി കടപ്ലാമറ്റം മൂന്നാം സ്ഥാനവും നേടി. വനിത വിഭാഗത്തിൽ ലാ മാസിയ സ്പോർട്സ് അക്കാദമി തെങ്ങണ രണ്ടാംസ്ഥാനവും ലൈറ്റനിങ് ത്രോബോൾ അക്കാദമിയും ശ്രേയസ് പബ്ലിക് സ്കൂൾ പൊൻകുന്നം എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

നാട്ടകം ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന മത്സരങ്ങൾ പ്രിൻസിപ്പൽ ബെന്നോ ജോസഫ് ഉദ്ഘാടനം ചെയ്തു. കോട്ടയം ത്രോബോൾ അസോസിയേഷൻ വൈസ് പ്രസിഡന്റ് അനിൽ ജോർജ് അധ്യക്ഷനായി. സെക്രട്ടറി ജോജിമോൻ ദേവസ്യ, സ്കൂൾ സ്റ്റാഫ് ബിനോയ് തോമസ് എന്നിവർ സംസാരിച്ചു.

വിജയികൾക്ക് പിടിഎ പ്രസിഡന്റ് കെ കെ ജ്യോതിഷ് സമ്മാനങ്ങൾ നൽകി.

നവംബറിൽ എറണാകുളത്ത് നടക്കുന്ന സംസ്ഥാന സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിനുള്ള ജില്ലാ പുരുഷ, വനിതാ ടീമുകളെയും തെരഞ്ഞെടുത്തു.

Kottayam edition
date -22/10/2025
page no -2
Column -4,5,6,7,8




ില്ലാ സീനിയർ ത്രോബോൾ ചാംപ്യൻഷിപ് പുരുഷ വിഭാഗത്തിൽ ജേതാക്കളായ സീറോ ത്രോബോൾ
ക്കാദമി തെങ്ങണ ടീം.

# ത്രോബോൾ ചാംപ്യൻഷിപ്പിൽ ജേതാക്കളായി

കോട്ടയം ● ജില്ലാ സീനിയർ ത്രോബോൾ ചാംപ്യൻഷിപ് പുരുഷ വിഭാഗത്തിൽ സീറോ ത്രോബോൾ അക്കാദമി തെങ്ങണയും വനിതാ വിഭാഗത്തിൽ സെന്റ് മേരീസ് ത്രോബോൾ അക്കാദമി മണർകാടും ജേതാക്കളായി. പുരുഷ വിഭാഗത്തിൽ എംവൈസിഎ വോളി ക്ലബ് കാഞ്ഞിരപ്പള്ളിയും വനിത വിഭാഗത്തിൽ ലാമാസിയ സ്പോർട്സ് അക്കാദമി തെങ്ങണയും രണ്ടാം സ്ഥാനം നേടി.

പുരുഷ വിഭാഗത്തിൽ സീറോ ത്രോബോൾ അക്കാദമിയിലെ അനന്തു വി.ഗിരീഷ്, വനിത വിഭാഗത്തിൽ സെന്റ് മേരീസ് ത്രോബോൾ അക്കാദമിയിലെ സ്റ്റെഫി സൂസൻ വർഗീസ് എന്നിവരെ മികച്ച താരങ്ങൾ ആയി തിരഞ്ഞെടുത്തു.

നാട്ടകം ഗവ. വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ബെന്നോ ജോസഫ് മത്സരം ഉദ്ഘാടനം ചെയ്തു. ത്രോബോൾ അസോസിയേഷൻ വൈസ് പ്രസിഡന്റ് അനിൽ ജോർജ് അധ്യക്ഷത വഹിച്ചു. ത്രോബോൾ അസോസിയേഷൻ സെക്രട്ടറി ജോജിമോൻ ദേവസ്യ, ബിനോയ് തോമസ് എന്നിവർ പ്രസംഗിച്ചു.

വിജയികൾക്ക് സ്കൂൾ പിടിഎ പ്രസിഡന്റ് കെ.കെ.ജ്യോതിഷ് സമ്മാനങ്ങൾ നൽകി. നവംബർ 15,16,17 തീയതികളിൽ എറണാകുളത്ത് നടക്കുന്ന സംസ്ഥാന സീനിയർ ത്രോബോൾ ചാംപ്യൻഷിപ്പിനുള്ള പുരുഷ, വനിതാ ടീമുകളെ തിരഞ്ഞെടുത്തു.



Kottayam edition
date -22/10/2025
page no -3
Column -5,6,7,8





● ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗത്തിൽ ജേതാക്കളായ തെങ്ങണ സീറോ ത്രോബോൾ അക്കാദമിയും വനിത വിഭാഗത്തിൽ ജേതാക്കളായ മണർകാട് സെന്റ് മേരീസ് ത്രോബോൾ അക്കാദമിയും.

മംഗളം
സ്ഥാപകൻ
എം.സി.വർഗീസ്

Kottayam edition
date -22/10/2025
page no -3
Column -5,6

# സീറോ ത്രോബോൾ അക്കാദമിയും സെന്റ് മേരീസ് ത്രോബോൾ അക്കാദമിയും ജേതാക്കൾ

കോട്ടയം: ജില്ലാ സീനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ പുരുഷ വിഭാഗത്തിൽ തെങ്ങണ സീറോ ത്രോബോൾ അക്കാദമിയും വനിത വിഭാഗത്തിൽ മണർകാട് സെന്റ് മേരീസ് ത്രോബോൾ അക്കാദമിയും ജേതാക്കളായി. പുരുഷ വിഭാഗത്തിൽ കാഞ്ഞിരപ്പള്ളി മൈക്കവോളി ക്ലബും വനിത വിഭാഗത്തിൽ തെങ്ങണ ലാ മാസിയ സ്പോർട്സ് അക്കാദമിയും രണ്ടാം സ്ഥാനക്കാരായി. പുരുഷ വിഭാഗത്തിൽ അനന്തു വി.ഗിരിഷ്, വനിത വിഭാഗത്തിൽ സ്റ്റെഫി സൂസൻ വർഗീസ് എന്നിവർ മികച്ച താരങ്ങൾ ആയി തെരഞ്ഞെടുക്കപ്പെട്ടു.

നാട്ടകം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന മത്സരങ്ങൾ സ്കൂൾ പ്രിൻസിപ്പാൾ ബെന്നോ ജോസഫ് ഉദ്ഘാടനം ചെയ്തു.ത്രോബോൾ അസോസിയേഷൻ ജില്ലാ വൈസ് പ്രസിഡന്റ് അനിൽ ജോർജ് അധ്യക്ഷനായി. ത്രോബോൾ അസോസിയേഷൻ സെക്രട്ടറി ജോജിമോൻ ദേവസ്യ, സ്കൂൾ സ്റ്റാഫ് ബിനോയ് തോമസ്, എന്നിവർ പ്രസംഗിച്ചു.